**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** **07-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്ക് ഓൺലൈൻ മുഖേന ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് പകുതി കുട്ടികളുമായി ഷിഫ്റ്റ് അടിസ്ഥാനത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ ക്ലാസ്സിൽ വരാത്ത ഷിഫ്റ്റിലുള്ള മുഴുവൻ കുട്ടികൾക്കും ഓൺലൈൻ മുഖേന ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കോവിഡ് കാലത്ത് നിയന്ത്രിത എണ്ണം കുട്ടികളുമായി സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ ക്ലാസ്സിൽ വരാൻ കഴിയാത്ത കുട്ടികൾക്ക് പഠനം നഷ്ടപ്പെടാതിരിക്കാൻ വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണം തുടരുന്നതാണ്. അതോടൊപ്പം തന്നെ അധ്യാപകരുടെ പിന്തുണാ പ്രവർത്തനങ്ങളും നിലവിലുള്ള രീതിയിൽ തുടരുന്നതാണ്. |
| (ബി) | പ്രസ്തുത സൗകര്യങ്ങൾ രോഗം, ക്വാറന്റൈൻ തുടങ്ങിയ കാരണങ്ങളാൽ ക്ലാസ്റൂമിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് അനിവാര്യമായതിനാൽ എല്ലാ സ്കൂളുകളിലും ഉറപ്പാക്കുമോ; വ്യക്തമാക്കുമോ? | (ബി) | എല്ലാ സ്കൂളുകളിലും ഇതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. രോഗം, ക്വാറന്റൈൻ തുടങ്ങിയ കാരണങ്ങളാൽ ക്ലാസ്റൂമിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് നിലവിലുള്ള ഡിജിറ്റൽ ക്ലാസ്സുകളും, ഓൺലൈൻ ക്ലാസ്സുകളും തുടരുന്നതാണ്. കൂടാതെ ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ പഠന പിന്തുണാ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ